**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 204** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിലെ തസ്തികകളുടെ വിശദാംശങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടേത് ഉൾപ്പെടെ നിലവിൽ എത്ര തസ്തികകളാണുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** എം.സി.എച്ച് യൂണിറ്റ് ചെറൂപ്പ ആരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 16 തസ്തികകളും, ആരോഗ്യ വകുപ്പിനു കീഴിൽ 28 തസ്തികകളുമാണ് നിലവിൽ ഉള്ളത്. ആരോഗ്യ വകുപ്പിനു കീഴിലെ 28 തസ്തികകളിൽ 14 തസ്തികകളിലെ ജീവനക്കാരെ പെരുവയൽ, പെരുമണ്ണ ആരോഗ്യ കേന്ദ്രങ്ങളിലാണ് നിയോഗിച്ചിട്ടുള്ളത്.

**(ബി)** ഇവയിൽ ഏതെങ്കിലും തസ്തികയിലെ ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ഇല്ല

**സെക്ഷൻ ഓഫീസർ**